**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2616** **06-10-2025 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിലെ വനിതാ മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര മണ്ഡലത്തിൽ രൂപീകരിച്ചിട്ടുള്ള വനിതാ മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | അരുവിക്കര മണ്ഡലത്തിൽ കേരള സഹകരണ നിയമം 1969 പ്രകാരം 31/03/2024 ന് രൂപീകരിച്ച സഹകരണ സംഘമാണ് അരുവിക്കര മണ്ഡലം വനിത മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ ടി 980. സംഘത്തിന്റെ പ്രവർത്തനങ്ങൾക്കായി ഭരണ സമിതി നിലവിലുണ്ട്. പ്രസ്തുത സംഘത്തിൽ ഉത്പാദന പ്രവർത്തനങ്ങൾ ഒന്നും തന്നെ ഇതുവരെ ആരംഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത സംഘത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും തുടർനടത്തിപ്പിനുമായി വ്യവസായ വകുപ്പിൽ നിന്നും സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ? | (ബി) | 24/09/2024 തീയതിയിലെ സർക്കാർ ഉത്തരവ് GO (Rt) 922/2024/ID പ്രകാരം അരുവിക്കര മണ്ഡലം വനിത മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ റ്റി 980 ന് Setting up of Aruvikkara Income Generating Industrial unit for women എന്ന പ്രത്യേക പദ്ധതി പ്രകാരം ഒരു കോടി രൂപയുടെ ഭരണാനുമതി ഉത്തരവായിരുന്നു. ടി തുക 4851-00-102-85 (പി) എന്ന ശീർഷകത്തിൽ അധികമായി വകയിരുത്തി സർക്കാർ ഉത്തരവായിട്ടുള്ളതാണ്.<br><br>ഗാർമെന്റ് മാനുഫാക്ചറിംഗുമായി ബന്ധപ്പെട്ട പ്രസ്തുത പദ്ധതിക്കായി സമർപ്പിച്ച പ്രൊപ്പോസലിൽ 2024-25 സാമ്പത്തിക വർഷം അരുവിക്കര മണ്ഡലം വനിത മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ റ്റി 980 ന് Setting up of Aruvikkara Income Generating Industrial unit for women എന്ന പ്രത്യേക പദ്ധതിക്കായി 40 ലക്ഷം രൂപ അനുവദിച്ചുത്തരവായിരുന്നു. പ്രസ്തുത തുക സംഘത്തിന്റെ ഓണററി സെക്രട്ടറിയുടെയും ജനറൽ മാനേജരുടെയും പേരിലുള്ള കേരള ബാങ്ക് ആര്യനാട് ശാഖയിലെ ജോയിന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ - 102512002200146) നിക്ഷേപിച്ചിരിക്കുകയാണ്. |

| | | | |
|---|---|---|---|
| | | | അരുവിക്കര മണ്ഡലം വനിത മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘത്തിലെ 27 അംഗങ്ങൾക്ക് റെഡിമെയ്ഡ് വസ്ത്ര നിർമ്മാണവുമായി ബന്ധപ്പെട്ട് പരിശീലനം നൽകിയിരുന്നു. പ്രസ്തുത പരിശീലനം നൽകിയ വകയിൽ എന്റർപ്രണർഷിപ്പ് ആൻഡ് സ്കിൽ ഡെവലപ്മെന്റ് സൊസൈറ്റിക്ക് 1,60,000/- രൂപയും, പരിശീലനത്തിൽ പങ്കെടുത്തവർക്ക് യാത്രാബത്ത ഇനത്തിൽ 77,800/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. ഗാർമെന്റ് മാനുഫാക്ചറിംഗുമായി ബന്ധപ്പെട്ട് സംഘം സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരമുള്ള മെഷീനറികൾ വാങ്ങുന്നതിന് തുടർനടപടികൾ സംഘത്തിന്റെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ടതുണ്ട്. സ്ഥാപനത്തിൽ നാളിതുവരെ ഒരു പെയ്ഡ് സെക്രട്ടറിയെ നിയമിച്ചിട്ടില്ല. പ്രസ്തുത വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും ആവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ